## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 115 — 13/12/2012 - ൽ മറുപടിക്ക്

### പൊതു വിതരണ ശൃംഖല ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ;റ്റി.യു.കുരുവിള | ശ്രീ. അനൂപ് ജേക്കബ്.<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജി സ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് പൊതുവിതരണം ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുളള നടപടികൾ വിശദീകരിക്കാമോ;<br><br>ബി) പൊതു വിതരണ ശൃംഖല വഴി കൂടുതൽ നിത്യോപയോഗ സാധന ങ്ങൾ വിതരണം ചെയ്യുന്നതിനുളള നടപടികൾ സ്വീകരിക്കുമോ; വിശ ദാംശം വ്യക്തമാക്കുമോ? | (എ) യും (ബി) സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചുനിർത്തു ന്നതിന്, പൊതുവിതരണ സമ്പ്രദായം മുഖേന ബി.പി.എൽ./എ.എ.വൈ വിഭാഗക്കാർക്ക് കിലോയ്ക്ക് ഒരു രൂപ നിരക്കിൽ അരിയും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട സബ്സിഡിക്ക് അർഹരായ കുടുംബങ്ങൾക്ക് 2/- രൂപ നിരക്കിൽ അരിയും ഗോതമ്പും വിതരണം ചെയ്യുന്നുണ്ട്. പൊതു വിപണിയിലെ വിലനിലവാരം നിയന്ത്രിക്കുന്നതിൽ ഈ പദ്ധതികൾ, വലിയ സ്വാധീനം ചെലുത്തു ന്നുണ്ട്. കൂടാതെ ഓപ്പൺ മാർക്കറ്റിൽ സെയിൽസ് സ്കീം നിരക്കിൽ ലഭിച്ച 60000 ടൺ അരിയും 30000 ടൺ ഗോതമ്പും റേഷൻ കടകൾ വഴി എ.പി.എൽ.കുടുംബങ്ങൾക്ക് നൽകാൻ അനുമതി നൽകിയിട്ടുണ്ട്. അരിക്ക് കിലോഗ്രാമിന് 19.50 രൂപയും ഗോതമ്പിന് കിലോഗ്രാമിന് 17.00 രൂപയുമാണ് വില. വിലനിലവാരം നിയന്ത്രിക്കുന്നതിന് സപ്ലൈ കോയുടെ നേതൃത്വത്തിൽ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ എന്നിവ വഴി നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്തു വരുന്നു. പൊതു വിപണിയിലെ ഭക്ഷ്യധാന്യങ്ങളുടെ വില വർദ്ധനവ് പിടിച്ചുനിർത്താനായി 10/12/12 ന് മുഖ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓ.എം.എസ്. എസ്.(ഡി) പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുളള 20000 MT അരി, Rs.19.50, നിരക്കിൽ സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾക്ക് സപ്ലൈകോ, ഔട്ട്ലറ്റുകൾ വഴി കാർഡൊന്നിന് പരമാവധി 25 കിലോഗ്രാം വീതം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ